# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*124

10-02-2020-ൽ മറുപടിയ്ക്ക്

## കാർഷിക വിപണി സംവിധാനം കാര്യക്ഷമമാക്കുന്നതിന് പദ്ധതി

**ചോദ്യം**
ശ്രീ.എസ്.രാജേന്ദ്രൻ
,, കെ.സുരേഷ് കുറുപ്പ്
,, സജി ചെറിയാൻ
,, കെ.കുഞ്ഞിരാമൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽ സംഭരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രഖ്യാപിച്ചിരിക്കുന്ന അന്തർദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകൾ ആരംഭിക്കാൻ സ്വീകരിച്ചു വരുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ കിൻഫ്രയുടെ നേതൃത്വത്തിലാണ് വ്യവസായ വകുപ്പിന്റെ കീഴിൽ റൈസ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂരിൽ ചേലക്കരയിൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു. പാലക്കാട്ടും ആലപ്പുഴയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പാലക്കാട് ആരംഭിക്കുന്ന പ്രതിദിനം 200 ടൺ ശേഷിയുള്ള റൈസ് പാർക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | വിപണിയിൽ അമിത വില നിലനിൽക്കുമ്പോഴും കർഷകർക്ക് തുച്ഛമായ വില മാത്രം ലഭിച്ചു വരുന്ന സ്ഥിതി പരിഹരിക്കാനായി സംസ്ഥാനത്ത് കാർഷിക വിപണി സംവിധാനം കാര്യക്ഷമമാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കാർഷികോൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും, കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും, സംസ്ഥാനത്തൊട്ടാകെ പച്ചക്കറി വികസന പദ്ധതി പ്രകാരം, പഞ്ചായത്ത് തലത്തിൽ 198 ക്ലസ്റ്റർ വിപണികളും, ബ്ലോക്ക് തലത്തിൽ 32 ഫെഡറേറ്റഡ് വിപണികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിപണി വികസന പദ്ധതി മുഖേന 400 ഗ്രാമീണ ആഴ്ചചന്തകളും 213 ഇക്കോഷോപ്പുകളും പ്രവർത്തിച്ച് വരുന്നു. പരമ്പരാഗതകൃഷി വികാസ് യോജന പ്രകാരം 214 ഇക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ഓണം, വിഷു എന്നീ ഉൽസവകാലങ്ങളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രത്യേക വിപണി സംവിധാനവും നടത്തി വരുന്നുണ്ട്. <br> തൃശ്ശൂർ ജില്ലയിൽ 2017-2018 മുതൽ നൂതന വിപണനമാർഗ്ഗം അവലംബിച്ച് വരുന്നുണ്ട്. 'കർഷകമിത്ര' എന്ന സംവിധാനത്തിലൂടെ അധികമുള്ള കാർഷികോൽപ്പന്നങ്ങൾ കർഷകന്റെ വീട്ടുകളിൽ നിന്ന് ശേഖരിച്ച് മറ്റ് വീട്ടുകളിലും വിപണികളിലുമായി വിറ്റഴിക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ കൈമാറ്റത്തിനുള്ള ഗതാഗതത്തിനും, ഹോണറേറിയത്തിനുമായി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു നിശ്ചിത സംഖ്യ കർഷകമിത്രങ്ങൾക്ക് നൽകിവരുന്നു. ഇതിന് പുറമേ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 6 കാർഷിക മൊത്തവ്യാപാര വിപണികളെ കേന്ദ്രസർക്കാർ പദ്ധതി പ്രകാരം ഇലക്ട്രോണിക് നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് e.NAM സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയനുസരിച്ച്, തേയില, നാളികേരം, പൈനാപ്പിൾ, വാഴപ്പഴം, ചക്ക തുടങ്ങി 40 ഇനം കാർഷികോൽപ്പന്നങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ വിറ്റഴിക്കാൻ കർഷകരെ സഹായിക്കുന്നു. <br> നെല്ലിന്റെ സംഭരണം ഭക്ഷ്യപൊതുവിതരണ വകുപ്പ് സപ്ലൈകോ വഴിയാണ് നടത്തിവരുന്നത്. നെല്ലിന് കേന്ദ്രത്തിന്റെ താങ്ങുവിലയായി 18.15 രൂപയും സംസ്ഥാന ഇൻസന്റീവായി 8.80 രൂപയും ചേർത്ത് 26.95 രൂപ കിലോയ്ക്ക് നൽകിവരുന്നു. |
| (സി) | സുസ്ഥിര കൃഷി വികസനത്തിനു വേണ്ട ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വളം, ജലസേചന സൗകര്യം തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ എന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിയ്ക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ/ നടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണമേൻമയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉൽപാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികളിൽ കൂടി ഗുണമേന്മയുള്ള നെടിയഇനം തെങ്ങിൻ തൈകൾ, റ്റിX ഡി, ഡിX റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ, CGD, COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, വാഴ തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവ 33 വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴിയും, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ, അലങ്കാരചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറിക്കൾച്ചർ & ബയോ ടെക്നോളജി ലാബ് മുഖേന ടിഷ്യുകൾച്ചർ വാഴ തൈകൾ, പച്ചക്കറി തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.<br><br>വി.എഫ്.പി.സി.കെ, നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേൻമയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബി.എം.എഫ്.സി, കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഐ.സി.എ.ആർ സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സീഡ് സർട്ടിഫിക്കേഷനു വേണ്ടി ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സൂക്ഷ്മ ജലസേചന വിദ്യയിലൂടെ കാര്യക്ഷമമായ ജലവിനിയോഗവും ഉൽപ്പാദന-ഉൽപ്പാദനക്ഷമത വർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന |

| | | | |
|---|---|---|---|
| | | | (പി.എം.കെ.എസ്.വൈ) പദ്ധതിയിൻകീഴിൽ മൈക്രോ ഇറിഗേഷൻ (സൂക്ഷ്മ ജലസേചനം) ഘടകം സംസ്ഥാനത്ത് നടപ്പിലാക്കുന്നു. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ)-യുടെ സൂക്ഷ്മജലസേചനേതര ഘടകങ്ങളായ ജലസംഭരണികൾ (വ്യക്തികൾക്കായുള്ളവ/ കമ്മ്യൂണിറ്റി) കുഴൽകിണറുകളുടെ നിർമ്മാണം, കുളങ്ങൾ/ചെറിയ ജലസംഭരണികളുടെ പുനരുദ്ധാരണവും നവീകരണവും, വൈദ്യുതിയിലോ, ഇന്ധനത്തിലോ, സൗരോർജ്ജത്തിലോ പ്രവർത്തിക്കുന്ന പമ്പ് സെറ്റുകൾ, തൽസ്ഥല ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങൾ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**